IT Starred on 13-06-14



പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 121 — 13/06/2014-ൽ മറുപടിയ്ക്ക്

## ജൈവകൃഷി പ്രോത്സാഹനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ബഷീർ<br>,, സി.മോയിൻകുട്ടി<br>,, കെ.മുഹമ്മദുണ്ണി ഹാജി<br>,, പി.ബി.അബ്ദുൾ റസാക് | **ശ്രീ. കെ.പി.മോഹനൻ**<br>**(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) ജൈവകൃഷി പ്രോത്സാഹനം സംബന്ധിച്ച നയം വ്യക്തമാക്കുമോ; | എ) 10.02.2010 ലെ സ.ഉ(പി)39/2010/കൃഷി പ്രകാരം കേരള സംസ്ഥാന ജൈവ കാർഷിക നയം പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. ഘട്ടം ഘട്ടമായി കേരളത്തെ സമ്പൂർണ്ണ ജൈവ കൃഷി സംസ്ഥാനമാക്കി മാറ്റുക എന്നതാണ് നയം കൊണ്ട് ഉദ്ദേശിക്കുന്നത്. രാസവസ്തുക്കളുടെയും മാരകമായ മറ്റു ഉൽപ്പന്നങ്ങളുടെയും ഉപയോഗം ഒഴിവാക്കി രാസ വിമുക്തമായ വെള്ളം, മണ്ണ്, ഭക്ഷണം എന്നിവ ഉറപ്പാക്കുകയാണ് ജൈവ കൃഷിയുടെ പ്രധാന ലക്ഷ്യം. മണ്ണിന്റെ സഹജമായ പോഷക ഗുണങ്ങളും, ഉൽപ്പാദന ക്ഷമതയും ഉറപ്പുവരുത്തുവാനും, ജല-മണ്ണ് സംരക്ഷണം ഉറപ്പുവരുത്തുവാനും ജൈവ കൃഷി വ്യാപനത്തിലൂടെ ലക്ഷ്യമിടുന്നു. |
| ബി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) കേരളത്തിലെ ജൈവകൃഷി വികസനത്തിന് സംസ്ഥാന സർക്കാർ വിവിധ സഹായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 2010-11 വർഷത്തിൽ ഓർഗാനിക് ഫാമിംഗ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് അനുവദിച്ച 100/- ലക്ഷം രൂപ ഉപയോഗിച്ച് 14 ജില്ലകളിലെ തെരഞ്ഞെടുത്ത 20 ബ്ലോക്കുകളിലെ വിവിധ പഞ്ചായത്തുകളിലെ 900 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 10,000/- രൂപ നിരക്കിൽ നെല്ല്, പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ ജൈവ രീതിയിൽ ഉൽപാദിപ്പിക്കുന്നതിന് സഹായം നൽകിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് ബോധവത്ക്കരണ പരിപാടികൾ പരിശീലന സെമിനാർ മുതലായവ സംഘടിപ്പിക്കുകയും ചെയ്തു. |

2011-12 വർഷം ജൈവ കൃഷി വികസനത്തിന് അനുവദിച്ച 450 ലക്ഷം രൂപ പുതുതായി ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും, ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും വിനിയോഗിക്കുകയുണ്ടായി. കൂടാതെ ഈ കാലയളവിൽ ഹെക്ടറിന് 10,000/- രൂപ നിരക്കിൽ ധനസഹായത്തോടു കൂടി 3500 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി വ്യാപിപ്പിച്ചു. ഇതിനു പുറമെ 2010-11 വർഷം ജൈവ കൃഷി ആരംഭിച്ച 900 ഹെക്ടർ സ്ഥലത്ത് 2-ാം വർഷവും ജൈവകൃഷി നടത്തുന്നവർക്ക് പ്രാരംഭ കാലത്ത് ഉൽപാദന കുറവുമൂലം ഉണ്ടാകാവുന്ന നഷ്ടം നികത്തുന്നതിന് 2-ാം വർഷവും ഹെക്ടറിന് 10,000/- രൂപ നിരക്കിൽ ധനസഹായം നൽകുകയുണ്ടായി. 2012-13 ൽ ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനു-മായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആകെ 5,19,35,000/- രൂപ അനുവദിച്ചു.

2013-14 വർഷത്തിൽ ജൈവ ജില്ലയായ കാസർഗോഡ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 940/- ലക്ഷം രൂപ ചെലവഴിച്ചു. 2013-14 ജില്ലയിലെ 38 പഞ്ചായത്തുകളിലും, 3 മുനിസിപ്പാലിറ്റികളിലുമുള്ള 41 കൃഷി ഭവനുകളിലും കർഷകരുടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകരുടെ ഡാറ്റാ ബേസ് തയ്യാറാക്കി മണ്ണിന്റെ പോഷക സംരക്ഷണം, ജൈവ വള നിർമ്മാണം, ജൈവ രീതിയിൽ കീടരോഗ നിയന്ത്രണം, ഉല്പന്ന സംഭരണം, സംസ്ക്കരണം, വിപണനം തുടങ്ങിയ മേഖലകളിൽ ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

എല്ലാ കൃഷി ഭവൻ തലത്തിലും കർഷക പരിശീലനങ്ങൾ നടത്തുകയുണ്ടായി. കൂടാതെ പടന്നക്കാട് കാർഷിക കോളേജ് കേന്ദ്രീകരിച്ച് കീടരോഗ നിരീക്ഷണ പരിപാടി നടത്തി വരുന്നു. കർഷക പരിശീലന പരിപാടികൾക്ക് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിലേയും, കേരള കാർഷിക സർവ്വകലാശാലയിലേയും വിദഗ്ദ്ധർ

നേതൃത്വം നൽകുന്നുണ്ട്. 5000 ത്തോളം കർഷകർ ഇതുവരെ പരിശീലന പരിപാടികളിൽ പങ്കെടുത്തു, ബോധവത്ക്കരണം, കൂട്ടായ്മ, മാതൃകതോട്ട നിർമ്മാണം, ജൈവ വള നിർമ്മാണം അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയവയ്ക്കായി 287 ക്ലസ്റ്ററുകൾക്ക് 75,000/- രൂപാ വീതം നൽകി വരുന്നുണ്ട്. ജില്ലയിൽ 423 മണ്ണിര കമ്പോസ്റ്റ് സ്ഥാപിക്കുന്നതിന് 30 ലക്ഷം രൂപ ചെലവഴിച്ചു.

കർഷകർ ഉത്പാദിപ്പിക്കുന്ന ജൈവ വിഭവങ്ങൾ വിപണനം നടത്തുന്നതിന് 6 ഇക്കോ ഷോപ്പുകൾ ആരംഭിച്ചു. കാർഷിക വിളകളെ ആക്രമിക്കുന്ന കീടങ്ങളെ എതിർ പ്രാണികളെ ഉപയോഗിച്ച് നിയന്ത്രിക്കുന്നതിനുള്ള പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായുള്ള പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്.

2012-13, 2013-14 സാമ്പത്തിക വർഷം ജൈവകൃഷി പദ്ധതിക്കായി അനുവദിച്ച 50 ലക്ഷം രൂപാ വീതം "സേഫ്റ്റു ഈറ്റ്" പദ്ധതിയുടെ നടത്തിപ്പിനായി കേരള കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിച്ചു. ജൈവകൃഷി പദ്ധതിയുടെ ഭാഗമായി പച്ചക്കറികളിൽ കീടനാശിനി അവശിഷ്ടം പരിശോധന നടത്തി അവ ഭക്ഷ്യ സുരക്ഷിതമാണെന്ന് ഉറപ്പു വരുത്തുന്നതിനായി വെള്ളായണി കാർഷിക കോളേജിൽ പരിശോധനശാല പ്രത്യേകം സജ്ജീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഇതിന്റെ പരിശോധന ഫലം 3 മാസത്തിലൊരിക്കൽ മാധ്യമങ്ങളിലൂടെയും, സർക്കാർ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നു.

2014-15 വർഷത്തിൽ ജൈവ കൃഷിക്കും "സേഫ്റ്റു ഈറ്റ്" പദ്ധതിക്കുമായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സി) സമ്പൂർണ്ണമായും ജൈവ വളങ്ങളും, പരമ്പരാഗത രീതികളും അവലംബിച്ച് ഉല്പാദിപ്പിക്കുന്ന വിഭവങ്ങളുടെ ലാഭകരമായ വിപണനത്തിന് എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

സി) "സേഫ്റ്റു ഈറ്റ്" പദ്ധതി പ്രകാരം വെള്ളായണി കാർഷിക കോളേജിലെ ലാബിൽ പരിശോധിച്ച് കീടനാശിനി അവശിഷ്ടം സുരക്ഷിത പരിധിക്കുള്ളിലാണെന്ന് കണ്ടെത്തുന്ന കർഷകരുടെ ഉൽപന്നങ്ങൾ ഹോർട്ടികോർപ്പിന്റെ

ജൈവ കോർണർ വഴി വിപണനം ചെയ്യുന്നു. സമ്പൂർണ്ണമായും ജൈവ വളങ്ങളും പരമ്പരാഗത രീതികളും അവലംബിച്ച് ഉൽപാദിപ്പിക്കുന്ന വിഭവങ്ങളുടെ ലാഭകരമായ വിപണനത്തിന് 2013-14 ജൈവ കൃഷി പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് കാസർഗോഡ് ജില്ലയിൽ ഓരോ ബ്ലോക്കിലും 5 ലക്ഷം രൂപാ വീതം ചെലവഴിച്ച് "ഇക്കോ ഷോപ്പുകൾ" നിർമ്മിച്ചിട്ടുണ്ട്.

സമ്പൂർണ്ണമായും ജൈവ വളങ്ങളും. പരമ്പരാഗത രീതിയിൽ ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന വിഭവങ്ങളുടെ വിപണനത്തിന് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഹരിത സസ്യാ സൂപ്പർമാർക്കറ്റിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഡി) ജൈവകൃഷി വിഭവങ്ങളെന്ന പേരിൽ വിഷമയ വിഭവങ്ങൾ വൻവിലയിൽ വിറ്റഴിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിശോധിക്കാൻ എന്ത് സംവിധാനമാണുള്ളത്; വ്യക്തമാക്കാമോ?

ഡി) ഉണ്ട്.

ഹോർട്ടികോർപ്പ്, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ എന്നീ സർക്കാർ വിപണന ശാലകളിൽ നിന്നും, കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും ശേഖരിക്കുന്ന പച്ചക്കറി, പഴവർഗ്ഗ സാമ്പിളുകളിൽ കീടനാശിനികളുടെ അവശിഷ്ടത്തിന്റെ അളവ് പരിശോധിക്കുവാൻ "സേഫ്റ്റു ഈറ്റ്" എന്ന പദ്ധതിയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന പ്രത്യേക പരിശോധനശാലയിൽ സംവിധാനം ഉണ്ട്. ഇതിനായി ഫണ്ട് വകകൊള്ളിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ